# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2140 12.02.2013-ൽ മറുപടി

### തീവ്രവാദികളുടെ ആക്രമണഭീഷണി നേരിടാനുള്ള മുൻകരുതലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഏറ്റവും കൂടുതൽ കടൽത്തീരം അതിർത്തിയായിട്ടുള്ള ഒരു സംസ്ഥാനം എന്ന നിലയിൽ തീവ്രവാദികളുടെ ആക്രമണ ഭീഷണി സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസിദ്ധീകരിക്കാമോ ; | (എ) 2008-ൽ മുംബൈയിൽ ഉണ്ടായ തരത്തിലുള്ള തീവ്രവാദ നുഴഞ്ഞുകയറ്റമോ ആക്രമണമോ ഒരു തീരപ്രദേശ സംസ്ഥാനം എന്ന നിലയിൽ കേരളത്തിലും സംഭവിക്കാനുള്ള സാധ്യതയെക്കുറിച്ച് പൊതുവായ മുന്നറിയിപ്പുകൾ ലഭിച്ചിട്ടുണ്ട്. രഹസ്യ സ്വഭാവമുള്ള പ്രസ്തുത റിപ്പോർട്ടുകൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| ബി) പ്രസ്തുത ആക്രമണത്തിൽ നിന്നു രക്ഷപ്പെടുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ; | (ബി) ഭീകരവാദ ഭീഷണിയുടെ അടിസ്ഥാനത്തിൽ, ഭീകരവാദ സംഘടനകളെക്കുറിച്ചും അതിന്റെ പ്രവർത്തകരെക്കുറിച്ചും സംസ്ഥാന ഇന്റലിജൻസിനു കീഴിലുള്ള ആഭ്യന്തര സുരക്ഷാ വിഭാഗം സസൂക്ഷ്മം നിരീക്ഷണം നടത്തുകയും ഇക്കാര്യത്തിൽ ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |
| സി) പ്രസ്തുത ഭീഷണിയുടെ വെളിച്ചത്തിൽ സംസ്ഥാന തീര സംരക്ഷണ സേനയ്ക്കും, സംസ്ഥാന പോലീസിനും എന്തെല്ലാം അത്യന്താധുനിക സംവിധാനങ്ങൾ ആണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (സി) തീരദേശ സുരക്ഷ പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാർ ആദ്യഘട്ടത്തിൽ കേരളത്തിൽ 8 തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുകയും അവയ്ക്കായി 24 ആധുനിക സ്പീഡ് ബോട്ടുകളും ആവശ്യമായ ആയുധങ്ങളും വാഹനങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്. തീരദേശ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി രണ്ടാം ഘട്ടത്തിൽ 10 തീരദേശ പോലീസ് സ്റ്റേഷനുകൾ കൂടി അനുവദിക്കുകയും അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. കൂടാതെ മൂന്നാം ഘട്ടത്തിൽ 6 തീരദേശ പോലീസ് സ്റ്റേഷനുകൾ കൂടി അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തീരദേശ പോലീസ് സ്റ്റേഷനുകളിൽ തീരദേശ സുരക്ഷയെ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുവാൻ 1093 എന്ന ടോൾ ഫ്രീ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്, |

ഡി) അപ്രതീക്ഷിതമായ ആക്രമണങ്ങൾ ഉണ്ടായാൽ അതിനെ നേരിടുന്നതിനുള്ള എന്തെല്ലാം മുൻകരുതലുകൾ ആണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ?

(ഡി) തീരദേശ സുരക്ഷ ചുമതലയുള്ള കോസ്റ്റ് ഗാർഡ്, നേവി, തീരദേശ പോലീസ് എന്നീ വിഭാഗങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനം കൊച്ചിയിലുള്ള ജോയിന്റ് ഓപ്പറേഷൻസ് കമാൻഡ് (ജെ. ഒ. സി) മുഖാന്തിരം നടത്തി വരുന്നുണ്ട്. ഈ മൂന്ന് വിഭാഗങ്ങളും ഏതു തരത്തിലുള്ള അപ്രതീക്ഷിത സംഭവങ്ങളും നേരിടാൻ സജ്ജമാണ്.

സെക്ഷൻ ഓഫീസർ